## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1872

01/02/2018 ൽ നൽകിയിരുന്ന
താല്ക്കാലിക മറുപടിക്കുള്ള അന്തിമ മറുപടി

## സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

| ചോദ്യം: | മറുപടി : |
|---|---|
| ശ്രീ.പി. കെ. ബഷീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ; | (എ) | റാങ്ക് പട്ടികകളുടെ കാലാവധി പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ കുറഞ്ഞത് ഒരു വർഷവും പരമാവധി 3 വർഷവുമാണ്. ഒരു വർഷത്തിനു ശേഷം ടി തസ്തികയിലേയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരികയോ ലിസ്റ്റിലെ മുഖ്യ പട്ടികയിലെ എല്ലാവർക്കും നിയമന ശിപാർശ നൽകുകയോ ചെയ്താൽ ടി തീയതി മുതൽ ലിസ്റ്റിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടന്ന നിയമനങ്ങളുടെയും മുൻ റാങ്ക് ലിസ്റ്റിൽ നിന്നും നടന്ന നിയമനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ ; | (ബി) | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് - II റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടന്ന നിയമനങ്ങളുടെയും മുൻ റാങ്ക് ലിസ്റ്റിൽ നിന്നും നടന്ന നിയമനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | നിലവിൽ റാങ്ക് പട്ടികകളുടെ കാലാവധി അവസാനിക്കാൻ പോകുമ്പോൾ മുൻപ് റാങ്ക് പട്ടികയിൽ ഉൾപ്പെടാതിരുന്ന ബികോം സ്റ്റാറ്റിസ്റ്റിക്സ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കൂടി ഉൾപ്പെടുത്തി പട്ടിക വിപുലപ്പെടുത്തുകയും പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റിൽ 6 മാസം പോലും കാലാവധി ലഭിക്കാതിരിക്കുകയും ചെയ്യുന്നു എന്ന പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ ; | (സി) | ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ യോഗ്യതയായി B.Com with Business Statistics എന്ന വിഷയം അംഗീകരിച്ചും, പ്രസ്തുത യോഗ്യതയുള്ള അർഹരും യോഗ്യരുമായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നും നിലവിൽ ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെട്ടവരെ ബാധിക്കാത്ത രീതിയിൽ നിയമന നടപടികൾ തുടരാനുമാണ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയിൽ ഉണ്ടായിരിക്കുന്നത്. പ്രസ്തുത വിധി നടപ്പിലാക്കാൻ ബഹു. കമ്മീഷൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കൽ വിജ്ഞാപനം |

പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ ഉൾപ്പെടെ വിശദാംശം വെളിപ്പെടുത്തുമോ ; | (ഡി), (ഇ) & (എഫ്) 2018- ൽ അവസാനിക്കുന്നതായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒഴിവുകൾ കുറവായിരുന്നതിനാൽ നിയമനങ്ങളിലും കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. |
| (ഇ) റാങ്ക് പട്ടികകളുടെ കാലാവധി അവസാനിക്കാൻ പോകുമ്പോൾ 15 ശതമാനം പോലും നിയമനം ഓരോ ലിസ്റ്റിൽ നിന്നും നടന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | |
| (എഫ്) എങ്കിൽ ഇത് പരിഹരിക്കുവാൻ എല്ലാ ജില്ലയിലെയും സ്റ്റാറ്റിസ്റ്റിക്സ് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനും പ്രതീക്ഷിത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| മുൻ റാങ്ക് ലിസ്റ്റ് | | | നിലവിലെ റാങ്ക് ലിസ്റ്റ് | | |
|---|---|---|---|---|---|
| ജില്ല | നടന്ന നിയമനങ്ങളുടെ എണ്ണം | റിമാർക്സ് HQ/ജില്ല | ജില്ല | നാളിതുവരെ നടന്ന നിയമനങ്ങളുടെ എണ്ണം | റിമാർക്സ് HQ/ജില്ല |
| തിരുവനന്തപുരം | 7 | HQ | തിരുവനന്തപുരം | 3 | HQ |
| | 84 | - | | 34 | - |
| കൊല്ലം | 9 | HQ | കൊല്ലം | 2 | HQ |
| | 37 | - | | 6 | - |
| പത്തനംതിട്ട | 10 | HQ | പത്തനംതിട്ട | 6 | HQ |
| | 38 | - | | 22 | - |
| ആലപ്പുഴ | 9 | HQ | ആലപ്പുഴ | 5 | HQ |
| | 44 | - | | 13 | - |
| കോട്ടയം | 8 | HQ | കോട്ടയം | 3 | HQ |
| | 36 | - | | 5 | - |
| ഇടുക്കി | 9 | HQ | ഇടുക്കി | 3 | HQ |
| | 41 | - | | 18 | - |
| എറണാകുളം | 19 | HQ | എറണാകുളം | 15 | HQ |
| | 106 | - | | 5 | - |
| തൃശ്ശൂർ | 12 | HQ | തൃശ്ശൂർ | 14 | HQ |
| | 87 | - | | 13 | - |
| പാലക്കാട് | 8 | HQ | പാലക്കാട് | 2 | HQ |
| | 116 | - | | 40 | - |
| മലപ്പുറം | 12 | HQ | മലപ്പുറം | 7 | HQ |
| | 122 | - | | 58 | - |
| കോഴിക്കോട് | 13 | HQ | കോഴിക്കോട് | 10 | HQ |
| | 41 | - | | 8 | - |
| വയനാട് | 12 | HQ | വയനാട് | 5 | HQ |
| | 57 | - | | 13 | - |
| കണ്ണൂർ | 10 | HQ | കണ്ണൂർ | 10 | HQ |
| | 167 | - | | 21 | - |
| കാസറഗോഡ് | 13 | HQ | കാസറഗോഡ് | 14 | HQ |
| | 56 | - | | 8 | - |
| **ആകെ** | **1183** | | **ആകെ** | **363** | |

**സെക്ഷൻ ഓഫീസർ**